**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **09-08-2023 - ൽ മറുപടിയ്ക്ക്**

**കെൽപ്പാമിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപ്പാമിൽ (കേരള സംസ്ഥാന പന ഉല്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്) 2023-24 വർഷത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന നവീകരണപ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാമിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആട്ടോമാറ്റിക് ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സർക്കാർ വിഹിതമായി 25 ലക്ഷം രൂപയും ബാക്കി തുക കെൽപാമിന്റെ സ്വന്തം ഫണ്ടിൽ നിന്നും വിനിയോഗിക്കു ന്നതിനുമായി 12.07.2023 ലെ സ.ഉ (സാധാ) നം.716/2023/വ്യവ പ്രകാരം മൊത്തം 27.27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പനയോലയിൽ നിന്നുണ്ടാക്കുന്ന കരകൗശല വസ്തുക്കളുടെ വിപണന യൂണിറ്റ് സജ്ജമാക്കുന്നതിലേയ്ക്കായി 31.07.2023 ലെ സ.ഉ (സാധാ) നം.772/2023/വ്യവ പ്രകാരം 14,95,006/- രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നവീകരണ പ്രവൃത്തികൾക്ക് എത്ര കോടി രൂപയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാമിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആട്ടോമാറ്റിക് ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സർക്കാർ വിഹിതമായി 25 ലക്ഷം രൂപയും ബാക്കി തുക കെൽപാമിന്റെ സ്വന്തം ഫണ്ടിൽ നിന്നും വിനിയോഗിക്കു ന്നതിനുമായി 12.07.2023 ലെ സ.ഉ (സാധാ) നം.716/2023/വ്യവ പ്രകാരം മൊത്തം 27.27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പനയോലയിൽ നിന്നുണ്ടാക്കുന്ന കരകൗശല വസ്തുക്കളുടെ വിപണന യൂണിറ്റ് സജ്ജമാക്കുന്നതിലേയ്ക്കായി 31.07.2023 ലെ സ.ഉ (സാധാ) നം.772/2023/വ്യവ പ്രകാരം 14,95,006/- രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ